# Dakshina Kerala Jam-iyyathul Ulama

H.O. Kollam

## ജുമുഅ പ്രഭാഷണം ''ആപൽക്കരമാകുന്ന വർഗീയത '' (10/03/17)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا ۚ وَاذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَاءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِ إِخْوَانًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ النَّارِ فَأَنقَذَكُم مِّنْهَا ۗ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَهْتَدُونَ (١٠٣) ﴿ال عمران﴾

➢ നമ്മുടെ പ്രിയപ്പെട്ട ഇന്ത്യ, ലോകരാജ്യങ്ങൾക്കിടയിൽ പല പ്രത്യേകതകളുമുള്ള രാജ്യമാണ്. അതിലൊന്നാണ് ജനാധിപത്യം. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. മനുഷ്യ ചരിത്രം തുടങ്ങുന്നത് തന്നെ ഇവിടെ നിന്നാണ് എന്നത് മറ്റൊരു മഹത്വമാണ്. അഥവാ ആദം (അ) ഇവിടെയാണ് വന്നിറങ്ങിയത്.

عن علي (ر) قال : خيرُ وادِيين في الناس ذِي مكةَ، وَوَادٍ في الهند ، هُبط به آدمُ (ع) (عبد الرزاق)

وعن ابن عباس رضي الله عنه أنه قال : "أُهْبط آدمُ بِالْهِنْدِ (الطبري)

എന്നാൽ ഇന്ത്യയുടെ വലിയ സവിശേഷത: നാനാത്വത്തിൽ ഏകത്വമാണ്. (3000-ൽ ഏറെജാതികൾ/ അനേകംഭാഷകൾ/സംസ്കാരം/വേഷം/ആചാരം/ആഘോഷം... ഇതിനിടയിലും നാം ഇന്ത്യക്കാർ സഹോദരീ സഹോദരങ്ങളായി ജീവിച്ചുപോന്നു.) നൂറ്റാണ്ടുകളായി ഇതാണ് ഇന്ത്യയുടെ സംസ്കാരം.

➢ ഇതിന് വിപരീതമായ വർഗീയത ഭയാനകമായി വളരുകയാണ്. അത് ക്യാൻസറാണ്. കഴിഞ്ഞ ആഴ്ച ഉണ്ടായ ചില പ്രസ്താവനകൾ കാണുക. 1. സാക്ഷീമഹാരാജ് എം.പിയുടെ പ്രസ്താവന. ''ഇവിടെ കോടിക്കണക്കിന് മുസ്‌ലിംകളുണ്ട്. അവരെ ഖബറടക്കാൻ ഒരുപാട് സ്ഥലം വേണം. അതുകൊ ് മയ്യിത്തുകൾ കത്തിക്കണം''. 2. സോഷ്യൽ മീഡിയയിൽ പ്രചരിച്ച ഒരു വാർത്ത. ''2050 ആകുമ്പോഴേക്കും ഇന്ത്യ ലോകത്തെ ഏറ്റവും അധികം മുസ്‌ലിംകളുള്ള രാജ്യമാകും. സൂക്ഷിക്കണം!''. തികച്ചും നിരുത്തരവാദിത്വപരമായ ഈ പ്രസ്താവന വർഗീയത ഇളക്കാൻ ലക്ഷ്യം വച്ചുള്ളതാണ്. 3. മധ്യപ്രദേശിലെ ഉജ്ജൈനിൽ ഡോ, കുന്തൻ ചന്ദ്രാവത് എന്ന സംഘ് പ്രചാരകന്റെ പ്രഖ്യാപനം. ''കേരള മുഖ്യമന്ത്രിയുടെ തല വെട്ടിക്കൊണ്ടുവന്നാൽ ഒരു കോടി ഇനാം തരും'' (മാധ്യമം 3.3.17) (ഇവിടെ മുഖ്യമന്ത്രിയുടെ രാഷ്ട്രീയമോ നിലപാടോ നാം നോക്കുന്നില്ല) ഒരു സംസ്ഥാന മുഖ്യമന്ത്രിയെ കൊല്ലാൻ പരസ്യമായി പ്രഖ്യാപിക്കുന്ന വർഗീയതയാണ് വിഷയം. ന്യൂനപക്ഷത്തിലെ ഒരാളാണ് ഇത് പറയുന്നതെങ്കിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെയായിരിക്കും. ചുരുക്കത്തിൽ ഭയാനകമായ വിധം വർഗീയത വളരുന്നു. പരത്തുന്നു.

➢ ഇതിനെതിരെ നാം ജാഗ്രത പുലർത്തേ തുണ്ട്. വർഗീയത വളരാതിരിക്കാൻ ശ്രമിക്കേണ്ടത് നമ്മുടെ മതപരമായ ബാധ്യതയാണ്. കാരണം ഇസ്ലാം അത് അംഗീകരിക്കുന്നില്ല.

എങ്കിൽ എന്താണീ വർഗീയത?. إِنَّ الْعَصَبِيَّةَ أَنْ يُبْغِضَ الرَّجُلَ لِكَوْنِهِ مِنْ بَنِي فُلَانٍ (شرواني)

(=ഒരാൾ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ടതുകൊണ്ട് അയാളോട് പക പുലർത്തൽ)

حُبُّ الرجلِ لقومِهِ ليس عَصَبِيَّةٌ (شرواني)

(=തന്റെ സമുദായത്തെ സ്നേഹിക്കലല്ല വർഗ്ഗീയത) ഇത്ര കൃത്യമായി വർഗ്ഗീയതയെ നിർവ്വചിച്ച മതം ഇസ്ലാം മാത്രമേ ഉള്ളൂ. നൂറ്റാണ്ടുകൾക്കപ്പുറം നബി(സ്വ) ഇത് വ്യക്തമാക്കി.

وَعَنْ وَاثِلَةَ بْنِ الْأَسْقَعِ (ر) قَالَ قُلْتُ يَا رَسُولَ اللَّهِ مَا الْعَصَبِيَّةُ ؟ قَالَ أَنْ تُعِينَ قَوْمَكَ عَلَى الظُّلْمِ (أَبُو دَاوُدَ)

(=തനിക്ക് വേ പ്പെട്ടവർ ചെയ്യുന്ന തെറ്റിൻ കൂട്ടു നില്ക്കൽ) ഇന്ന് ദേശീയ തലത്തിൽ നടക്കുന്നതും ഇത് തന്നെയാണ്. ഷംസുദ്ദീൻ പാലത്ത് ശശികല ഉദാഹരണം.

➢ ഇത് കർശനമായി വിലക്കപ്പെട്ടവരാണ് നാം.

عَنْ جُبَيْرِ بْنِ مُطْعِمٍ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لَيْسَ مِنَّا مَنْ دَعَا إِلَى عَصَبِيَّةٍ وَلَيْسَ مِنَّا مَنْ قَاتَلَ عَلَى عَصَبِيَّةٍ وَلَيْسَ مِنَّا مَنْ مَاتَ عَلَى عَصَبِيَّةٍ (أَبُو دَاوُدَ)

തന്മൂലം നമ്മുടെ പ്രഭാഷണം/പ്രവർത്തനം/സമീപനം...വർഗീയത വളരാൻ ഇടയാക്കരുത്.

➢ പ്രധാനമായ മറ്റൊരു കാര്യം: നമ്മുടെ അനൈക്യവും ശത്രുതയും ഫാസിസ്റ്റുകൾക്ക് സഹായകമാവരുത്. സമുദായം പുറത്ത് നിന്ന് ഭീഷണി നേരിടുമ്പോൾ അകത്തുനിന്ന് വാതിൽ തുറന്ന് കൊടുക്കുന്ന രീതി അരുത്.

ഗുണപാഠം: മരം മുറിക്കാൻ വന്നവരെക്കുറിച്ച് മുത്തശ്ശി മരം പറഞ്ഞു: നമ്മിൽ ഒരാളുടെ സഹായമില്ലാതെ അയാൾക്ക് നമ്മെ മറിച്ചിടാൻ കഴിയില്ല. (മഴുവിന്റെ പിടി)

➢ ആദർശപരമായി സമുദായം രണ്ട് വിഭാഗമാണ്. (1) അഹ്ലുസ്സുന്ന. അതാണ് സത്യം. സ്വർഗ്ഗത്തിലേക്കുള്ള വഴിയാണത്. اهْدِنَا الصِّرَاطَ الْمُسْتَقِيمَ ആ വഴിയാണ് സുന്നത്ത് ജമാഅത്ത്.

(2) ഇതിന്റെ വിപരീതമായ ബിദ്അത്ത്. അത് നരകത്തിലേക്കെത്തിക്കും. അതുകൊ ് അതിനോട് നാം ഒട്ടും യോജിക്കുന്നില്ല.

عَنْ جَابِرٍ قَالَ رَسُولُ اللَّهِ (ص) يَقُولُ ....وَكُلُّ بِدْعَةٍ ضَلَالَةٌ وَكُلُّ ضَلَالَةٍ فِي النَّارِ (النسائي)

➢ പക്ഷേ അതോടൊപ്പം കെലിമ അംഗീകരിക്കുന്ന എല്ലാവരും മുസ്ലികളാണ്.

عَنْ أَنَسِ بْنِ مَالِكٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ صَلَّى صَلَاتَنَا وَاسْتَقْبَلَ قِبْلَتَنَا وَأَكَلَ ذَبِيحَتَنَا فَذَلِكَ الْمُسْلِمُ الَّذِي لَهُ ذِمَّةُ اللَّهِ وَذِمَّةُ رَسُولِهِ فَلَا تُخْفِرُوا اللَّهَ فِي ذِمَّتِهِ (بخاري)

(=ഈ ഗുണങ്ങൾ ഉള്ളവർക്ക് അല്ലാഹുവിന്റെയും റസൂലിന്റെയും സംരക്ഷണമുണ്ട്. അതിൽ അല്ലാഹുവിനെ നിങ്ങൾ ചതിക്കരുത്.) അതുകൊണ്ട് നമ്മുടെ വിയോജിപ്പുകൾ ആരോഗ്യപരമാകണം. സമുദായ നിലനിൽപ്പിന് ദോഷമാകും വിധം ആകരുത്.

➢ ഇതുപോലെയാണ് രാഷ്ട്രീയ ഭിന്നതകളും. സമുദായരാഷ്ട്രീയ സംഘങ്ങൾക്ക് വിയോജിപ്പുകൾ സ്വാഭാവികം. പക്ഷേ തമ്മിൽ തല്ലുന്ന അവസ്ഥ ശത്രുക്കൾക്ക് വളമേകും. പരസ്പരം ഇസ്ലാമിക സാഹോദര്യം നിലനിർത്തണം.

وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا ۚ وَاذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَاءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِ إِخْوَانًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ النَّارِ فَأَنقَذَكُم مِّنْهَا ۗ

ചരിത്രം: ഒരിക്കൽ കുട്ടികൾ തമ്മിലുള്ള വഴക്ക് അൻസാർ - മുഹാജിറുകളെ രണ്ട് തട്ടിലാക്കി.

عَنْ جَابِرٍ قَالَ اقْتَتَلَ غُلَامَانِ غُلَامٌ مِنْ الْمُهَاجِرِينَ وَغُلَامٌ مِنْ الْأَنْصَارِ فَنَادَى الْمُهَاجِرُ أَوْ الْمُهَاجِرُونَ يَا لَلْمُهَاجِرِينَ وَنَادَى الْأَنْصَارِيُّ يَا لَلْأَنْصَارِ فَخَرَجَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ مَا هَذَا دَعْوَى أَهْلِ الْجَاهِلِيَّةِ (مسلم)

ഇവിടെ ഭിന്നതയെയും പോർവിളിയെയും ജാഹിലിയ്യത്ത് എന്നാണ് നബി(സ്വ) പറഞ്ഞത്. അത്രമോശമാണ് അനൈക്യം. ശത്രുക്കൾക്ക് വളമാകുമ്പോൾ വിശേഷിച്ചും.